പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2840 **28-10-2026-ൽ മറുപടിയ്ക്ക്**

<u>ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ക്ഷേമവും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയും</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വിനു ജോബ് കുഴിമണ്ണിൽ ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ പായിപ്പാട്, വാഴപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിലെയും എ.സി. കനാൽ, സമീപത്തെ തോടുകൾ എന്നിവ ആശ്രയിച്ചു കഴിയുന്ന ഉൾനാടൻ മത്സ്യബന്ധന തൊഴിലാളികളുടെ കൃത്യമായ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> ചങ്ങനാശ്ശേരി മണ്ഡലത്തിലെ പായിപ്പാട്, വാഴപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിലെയും എ.സി.കനാൽ സമീപത്തെ തോടുകൾ എന്നിവ ആശ്രയിച്ചു കഴിയുന്ന പെൻഷൻകാർ ഉൾപ്പെടെ 220 ഉൾനാടൻ മത്സ്യബന്ധന തൊഴിലാളികൾ ഉണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ജലാശയങ്ങളിൽ ആഫ്രിക്കൻ പായൽ, പോള, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ കാരണം ഉൾനാടൻ മത്സ്യസമ്പത്ത് നശിക്കുന്നതും മത്സ്യബന്ധനം തടസ്സപ്പെടുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

<u>മറുപടി:</u> പ്രസ്തുത മണ്ഡലത്തിലെ ജലാശയങ്ങളിൽ ആഫ്രിക്കൻ പായൽ, പോള, പ്ലാസ്റ്റിക് മാലിന്യങ്ങൾ എന്നിവ കാരണം ഉൾനാടൻ മത്സ്യസമ്പത്ത് നശിക്കുന്നതും മത്സ്യബന്ധനം തടസ്സപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി നിലവിൽ പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കിവരുന്നില്ല. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ആവശ്യമായ ഫണ്ട് അനുവദിച്ചുകിട്ടുന്ന പക്ഷം ജലാശയങ്ങളിലെ പായലുകളും പ്ലാസ്റ്റിക് മാലിന്യങ്ങളും നീക്കം ചെയ്ത് പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുന്നതാണ്. കൂടാതെ, പോളപ്പായൽ നിർമ്മാർജ്ജനത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ മാത്രമേ ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളൂ.

(സി) പ്രസ്തുത മണ്ഡലത്തിലെ ഉൾനാടൻ ജലാശയങ്ങളിലും കുളങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്;

<u>മറുപടി:</u> പ്രസ്തുത മണ്ഡലത്തിലെ വ്യക്തിഗത/ പൊതു കുളങ്ങളിലെ മത്സ്യവിത്ത് നിക്ഷേപവുമായി ബന്ധപ്പെട്ട് മത്സ്യകൃഷി പദ്ധതിയിലെ വിവിധ സ്കീമുകൾ വഴി മത്സ്യവിത്ത് നിക്ഷേപിച്ചിരുന്നു. 2026-27 വർഷത്തിലും CMMSP പദ്ധതിയിലെ വിവിധ സ്കീമുകൾ വഴി മത്സ്യവിത്ത് നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ട്രോളിങ്ങ് നിരോധന കാലയളവിലും പ്രകൃതിദുരന്ത വേളകളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന സൗജന്യ റേഷൻ, ആശ്വാസ ധനസഹായം എന്നിവ ചങ്ങനാശ്ശേരി മണ്ഡലത്തിലെ അർഹരായ മുഴുവൻ തൊഴിലാളികൾക്കും കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

<u>മറുപടി:</u> ട്രോളിംഗ് നിരോധന കാലയളവിലും പ്രകൃതിദുരന്ത വേളകളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന സൗജന്യ റേഷൻ, ആശ്വാസ ധനസഹായം എന്നിവ ചങ്ങനാശ്ശേരി മണ്ഡലത്തിലെ അർഹരായ മുഴുവൻ തൊഴിലാളികൾക്കും കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നുണ്ട്. 2025-26 വർഷത്തെ സമാശ്വാസ പദ്ധതി പ്രകാരം (2026-27 വർഷം വിതരണം ചെയ്യുന്നത്) 13 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

(ഇ) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പിന്റെ കീഴിൽ നിലവിലുള്ള ക്ഷേമപദ്ധതികളും (ആരോഗ്യ ഇൻഷുറൻസ്, ഭവന നിർമ്മാണം മുതലായവ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിനായി അനുവദിച്ച പുതിയ ആനുകൂല്യങ്ങളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ?

<u>മറുപടി:</u> ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പിന്റെ കീഴിൽ 2026-27 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളി ഭവനപുനരുദ്ധാരണ പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഭവന പുനരുദ്ധാരണ പദ്ധതി ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതല്ല; ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പ്രകാരം അർഹരായ മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.

കോട്ടയം ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ള 75 വീടുകളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ നിന്നും 4 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകർക്ക് ആനുപാതികമായി ഒരു വീട് പുനരുദ്ധാരണം നടത്തുന്നതിന് അർഹതയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ജില്ലാതല സമിതി ചേർന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന സർക്കാർ ധനസഹായത്തോടെയും തനത് ഫണ്ട് വിനിയോഗിച്ചും നിലവിൽ 33 ക്ഷേമപദ്ധതികൾ മത്സ്യത്തൊഴിലാളികൾക്കായും, 32 പദ്ധതികൾ അനുബന്ധത്തൊഴിലാളികൾക്കായും നടപ്പിലാക്കി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ